**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.212 — 05.10.2016 ന് മറുപടിയ്ക്ക്.

## നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി.<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ നിക്ഷേപിക്കപ്പെടുന്നതു മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വസ്തുക്കൾ ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ വനപ്രദേശത്ത് നിക്ഷേപിക്കുന്നതു മൂലം ആ പ്രദേശത്തെ മണ്ണിന്റെ സ്വാഭാവിക ഘടനയെയും ജലസ്രോതസ്സുകളെയും പ്രതികൂലമായി ബാധിക്കും. ഇത് ടി പ്രദേശങ്ങളിലെ സസ്യജാലങ്ങളുടെ സ്വാഭാവിക വളർച്ച തടസ്സപ്പെടുത്തുകയും വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഇത്തരത്തിൽ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ വന്യമൃഗങ്ങൾ ഭക്ഷിക്കുന്നതായും മരണം സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം മാലിന്യം ഭക്ഷിക്കുന്നതിനായി വന്യമൃഗങ്ങൾ വനാതിർത്തിയിലേക്ക് നീങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകും. അറവുശാലകളിൽ നിന്നുൾപ്പെടെയുള്ള മാലിന്യങ്ങൾ വനത്തിൽ സ്ഥിരമായി നിക്ഷേപിക്കുന്നത് മൃഗങ്ങളുടെ |

ജീവിതരീതിയിലും ഭക്ഷണ ശീലങ്ങളിലും അഭികാമ്യമല്ലാത്ത വ്യതിയാനങ്ങൾ ഉണ്ടാകും.

(ബി) നഗരമാലിന്യങ്ങൾ നഗര പ്രദേശങ്ങളിൽ ഉപേക്ഷിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിൽ വന്നപ്പോൾ, അവ വനപ്രദേശങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ വനമേഖലയിലെ ചില പ്രദേശങ്ങളിൽ നഗരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി കണ്ടെത്തുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കുകയും ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

(സി) ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കും. വനപ്രദേശങ്ങളിൽ നഗരമാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം, സ്ഥിരമായ പട്രോളിംഗ്, മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കൽ മുതലായവ ചെയ്തു വരുന്നുണ്ട്.

വനപ്രദേശങ്ങളിൽ നഗരമാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാർ രാത്രി കാലങ്ങളിൽ നടത്തി വരുന്ന പട്രോളിംഗ് കൂടുതൽ ശക്തമാക്കുകയും പോലീസ്, തദ്ദേശസ്വംഭരണ വകുപ്പ് തുടങ്ങി മറ്റു ഇതര വകുപ്പുകളുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.

Valsala (signature)

സെക്ഷൻ ഓഫീസർ